**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3320** **25-10-2021 - ൽ മറുപടിയ്ക്ക്**

**വടക്കാഞ്ചേരി മണ്ഡലത്തിൽപ്പെട്ട മുല്ലപ്പ്ലാക്കൽ ബെന്നിയ്ക്ക് നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | 2018 ആഗസ്റ്റ് 16-ന് വടക്കാഞ്ചേരി മണ്ഡലത്തിൽപ്പെട്ട കുറാഞ്ചേരിയിൽ ഉണ്ടായ ഉരുൾപൊട്ടലിൽ വീടും സ്ഥലവും നഷ്ടപ്പെട്ട മുല്ലപ്പ്ലാക്കൽ ബെന്നി എന്ന വ്യക്തിക്ക് നാളിതുവരെ നഷ്ടപരിഹാരം വിതരണം ചെയ്തിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | 2018 ആഗസ്റ്റ് 16 വടക്കാഞ്ചേരി മണ്ഡലത്തിൽപ്പെട്ട കുറാഞ്ചേരിയിലുണ്ടായ ഉരുൾപ്പൊട്ടലിൽ മുല്ലപ്പ്ലാക്കൽ ബെന്നി എന്ന വ്യക്തിയുടെ വീടും സ്ഥലവും നഷ്ടപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.എന്നാൽ പാലക്കാട് ജില്ലയിൽ ആലത്തൂർ താലൂക്കിൽ ജനിച്ചുവളർന്നവരും തലപ്പിള്ളി താലൂക്ക് തെക്കുംകര വില്ലേജിൽ താമസിച്ചിരുന്നവരുമായ മുണ്ടംപ്ലാക്കൽ വീട്ടിൽ ജെൻസൻ, ഭാര്യ സുമിത, മക്കളായ മോസസ്, ഹെനോക്ക്, യാഫത്ത്, ജെൻസന്റെ സഹോദരൻ ഷാജി പൗലോസ്, ജെൻസന്റെ ഭാര്യ സുമിതയുടെ മാതാപിതാക്കളായ കളപ്പുരക്കൽ ഫ്രാൻസിസ്, സാലി എന്നവരും മരണപ്പെട്ടിട്ടുള്ളതാണ്. മരണപ്പെട്ട ജെൻസൻ, ഷാജി പൗലോസ് എന്നിവരുടെ അവകാശികളായി ഇന്ത്യൻ പിൻതുടർച്ചാവകാശത്തിലെ 1 മുതൽ 5 വരെയുള്ള വിഭാഗത്തിലെ ആരും ഇല്ലാത്തതാണ്. പരേതരായ ജെൻസൻ, ഷാജി പൗലോസ് എന്നിവരുടെ സഹോദരനായ ശ്രീ. മുണ്ടംപ്ലാക്കൽ ബെന്നി എന്ന വ്യക്തി പരേതരുടെ ആശ്രയത്വത്തിലല്ല ജീവിച്ചിരുന്നത് എന്ന കാരണത്താൽ അദ്ദേഹത്തിന് പ്രകൃതിക്ഷോഭത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് അനുവദിക്കുന്ന ആശ്വാസ ധനസഹായം അനുവദിച്ചിട്ടില്ല. |
| (ബി) | ആയത് പരിശോധിച്ച് നഷ്ടപരിഹാരം അടക്കമുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കാമോ? | (ബി) | 2018 ആഗസ്റ്റ് 16 വടക്കാഞ്ചേരി മണ്ഡലത്തിൽപ്പെട്ട കുറാഞ്ചേരിയിലുണ്ടായ ഉരുൾപ്പൊട്ടലിൽ മുല്ലപ്പ്ലാക്കൽ ബെന്നി എന്ന വ്യക്തിയുടെ വീടും സ്ഥലവും നഷ്ടപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.എന്നാൽ പാലക്കാട് ജില്ലയിൽ ആലത്തൂർ താലൂക്കിൽ ജനിച്ചുവളർന്നവരും തലപ്പിള്ളി താലൂക്ക് തെക്കുംകര വില്ലേജിൽ താമസിച്ചിരുന്നവരുമായ മുണ്ടംപ്ലാക്കൽ വീട്ടിൽ ജെൻസൻ, ഭാര്യ സുമിത, മക്കളായ മോസസ്, ഹെനോക്ക്, യാഫത്ത്, ജെൻസന്റെ സഹോദരൻ ഷാജി പൗലോസ്, ജെൻസന്റെ ഭാര്യ |

| | | | |
|---|---|---|---|
| | | | സുമിതയുടെ മാതാപിതാക്കളായ കളപ്പുരക്കൽ ഫ്രാൻസിസ്, സാലി എന്നവരും മരണപ്പെട്ടിട്ടുള്ളതാണ്. മരണപ്പെട്ട ജെൻസൻ, ഷാജി പൗലോസ് എന്നിവരുടെ അവകാശികളായി ഇന്ത്യൻ പിൻതുടർച്ചാവകാശത്തിലെ 1 മുതൽ 5 വരെയുള്ള വിഭാഗത്തിലെ ആരും ഇല്ലാത്തതാണ്. പരേതരായ ജെൻസൻ, ഷാജി പൗലോസ് എന്നിവരുടെ സഹോദരനായ ശ്രീ. മുണ്ടംപ്ലാക്കൽ ബെന്നി എന്ന വ്യക്തി പരേതരുടെ ആശ്രയത്വത്തിലല്ല ജീവിച്ചിരുന്നത് എന്ന കാരണത്താൽ അദ്ദേഹത്തിന് പ്രകൃതിക്ഷോഭത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് അനുവദിക്കുന്ന ആശ്വാസ ധനസഹായം അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ